DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

16.06.2019

## കാർഷികമേഖലാവാർത്തകൾ

### പച്ചക്കറി തൈകൾ വിതരണം

പച്ചക്കറി വികസന പദ്ധതി പ്രകാരം തൃക്കടവൂർ കൃഷിഭവനിൽ നിന്നും വിവിധ ഇനം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ കരമടച്ച രസീതിന്റെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് തൃക്കടവൂർ കൃഷി ഓഫീസർ അറിയിക്കുന്നു.

### ദേശീയതലത്തിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനം

കാർഷിക സർവകലാശാലയിലെ Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ അക്വാപോണിക്സ് കൃഷി രീതികൾ എന്ന വിഷയത്തിൽ ദേശീയതലത്തിൽ 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 25 മുതൽ 27 വരെയുള്ള തീയതികളിൽ നടത്തുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,- രൂപ കൽപ്പനകൾ, പ്രവർത്തന-ഉപയോഗ- പരിപാലന രീതികൾ, ഇൻസ്റ്റലേ ഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമു

ള്ളവർ suseela1963palazhy@gmail.com ,suseela.p@kau.in എന്നീ ഇ മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : **9961533547, 7025498850.**

## പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18,19 തീയതികളിൽ 2 ദിവസത്തെ തീറ്റപ്പുൽകൃഷി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ 17-ാം തീയതിക്കു മുമ്പായി ഫോൺ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേരെ മാത്രമേ പരിശീലനത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 125 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. ഇതിനുമുൻപ് ഈ സ്ഥാപനത്തിൽ നിന്നും ഈ വിഷയത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളവർ പങ്കെടുക്കാൻ പാടുള്ളതല്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 – 2440911

## അറിയിപ്പ്

തിരുവനന്തപുരം പെരിങ്ങമ്മല ബനാന നഴ്സറിയിൽ ഗുണനിലവാരമുള്ള വേരുപിടിപ്പിച്ച കരിമുണ്ട ഇനം കുരുമുളക് വള്ളികൾ 8 രൂപ നിരക്കിലും, വിഗോവ, കുട്ടനാടൻ എന്നീ ഇനം താറാവുകുഞ്ഞുങ്ങൾ 300 രൂപ നിരക്കിലും വിൽപനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495629838 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കാർഷികസംരംഭകത്വ വികസനത്തിനായി കാർഷിക സർവകലാശാല യുവതീയുവാക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സംഘടിപ്പിക്കുന്ന രണ്ടുമാസത്തെ സ്റ്റൈപൻഡറി പരിശീലനത്തിനും ബിസിനസ്സ് ഇൻക്യുബേറ്റർ പങ്കാളിത്തത്തിനും അപേക്ഷ സമർപ്പിക്കാനുള്ള തീയതി ജൂൺ 20 വരെ ദീർഘിപ്പിച്ചു. വിശദവിവരങ്ങൾക്ക് www.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 8075304392, 7899423314 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

## റബ്ബർതോട്ടങ്ങളിലെ ചിരട്ടകൾ കമിഴ്ത്തിവയ്ക്കണം : റബ്ബർബോർഡ്

കേരളത്തിൽ മഴക്കാലം തുടങ്ങാറായതിനാൽ റബ്ബർതോട്ടങ്ങളിലെ ചിരട്ടകൾ കമിഴ്ത്തി വയ്ക്കുന്ന കാര്യത്തിൽ കർഷകർ ശ്രദ്ധിക്കണമെന്ന് റബ്ബർബോർഡ് അഭ്യർത്ഥിക്കുന്നു. കൊതുകുകളിലൂടെ പരക്കുന്ന വിവിധ രോഗങ്ങൾ നാട്ടിൽ പടർന്നുപിടിക്കുന്ന സാഹചര്യം നിലവിലുള്ളതിനാലാണിത്.

റബ്ബർ മരങ്ങളിൽ പിടിപ്പിച്ചിരിക്കുന്ന ചിരട്ടകളിൽ ഒരാഴ്ചയിൽ കൂടുതൽ മഴവെള്ളം കെട്ടിനിന്നാൽ കൊതുകിന് മുട്ടയിട്ടുപെരുകാൻ ഏറെ സൗകര്യം നൽകും. ആഴ്ചയിലൊരിക്കലെങ്കിലും ടാപ്പിങ് നടക്കുന്ന തോട്ടങ്ങളിൽ ഇതൊരു പ്രശ്നമാകില്ല. എന്നാൽ മഴമൂലം ടാപ്പിങ് തടസ്സപ്പെട്ടാൽ ചിരട്ടകളിൽ കൂടുതൽ ദിവസങ്ങൾ വെള്ളം കെട്ടിനിൽക്കും.

അങ്ങനെ വരുമ്പോഴാണ് കൊതുകുകൾ അവയിൽ പെരുകുന്നത്. ദീർഘനാളായി ടാപ്പിങ് നിർത്തിവച്ചിരിക്കുന്ന തോട്ടങ്ങളിലും ഇതു സംഭവിക്കും. ടാപ്പിങ് നടക്കുന്ന തോട്ടങ്ങളിൽ, പാൽവീഴ്ച നിൽക്കാത്തതു കൊണ്ട് ചിരട്ട കമിഴ്ത്തിവയ്ക്കാൻ പറ്റുന്നില്ലെങ്കിൽ മഴക്കാലത്തെങ്കിലും പൂർണ്ണമായി പാൽവീഴ്ച്ചനിന്നശേഷം മാത്രം കറയെടുക്കുകയും തുടർന്ന് ചിരട്ടകമിഴ്ത്തിവയ്ക്കുകയും ചെയ്യണം. പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് റെയിൻഗാർഡുചെയ്ത തോട്ടങ്ങളിൽ പ്ലാസ്റ്റിക് ഉയർത്തിവയ്ക്കുമ്പോൾ അവയുടെ മടക്കുകളിൽ വെള്ളം കെട്ടിനിൽക്കാനിടയാകും. അവ ശരിക്കും താഴ്ത്തിയിട്ടാൽ ഇതൊഴിവാക്കാം എന്നുമാത്രമല്ല ചിരട്ടകളിൽ മഴവെള്ളം വീഴാതിരിക്കുകയും ചെയ്യും. ഉപയോഗിച്ചശേഷം പറമ്പിൽ ഉപേക്ഷിച്ചിരിക്കുന്ന റെയിൻഗാർഡുകൾ, പാത്രങ്ങൾ എന്നിവയിലും മഴ വെള്ളം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പാക്കണം.